# മിശ്രഖമാജും നീലാംബരിയും

ഹേമമാലിനി എം.

സംഗീതവും സ്നേഹബന്ധങ്ങളുടെ നിർവചന ചോദ്യങ്ങളും സമാന പശ്ചാ ത്തലങ്ങളൊരുക്കുന്ന രണ്ട് കഥകളാണ് ടി. പത്മനാഭന്റെ 'കടലും' മാധവിക്കുട്ടി യുടെ 'നഷ്ടപ്പെട്ട നീലാംബരിയും'. സംഗീത വിദ്യാർത്ഥിനികളായ രണ്ട് സ്ത്രീകൾ, സംഗീത അധ്യാപകരുമായി അവർക്ക് ഉണ്ടാകുന്ന ഹൃദയബന്ധങ്ങൾ, പിന്നീട് ജീവിതത്തിൽ വന്നു ചേരുന്ന സംഗീതം ഇഴചേർക്കാത്ത ദാമ്പത്യബന്ധ ങ്ങൾ, സമൂഹത്തിന്റെ വ്യവസ്ഥാപിത ചിട്ടകളിലൂടെ നീങ്ങുന്ന ദാമ്പത്യത്തിലും അവർ തുടരുന്ന ഭൂതകാലബന്ധങ്ങളുടെ സൂക്ഷിപ്പ്- ഇങ്ങനെ ഒരേ മട്ടിൽ നീങ്ങു ന്നതെന്നു പ്രത്യക്ഷത്തിൽ തോന്നിക്കുന്ന ഈ കഥകളിലെ കഥാപാത്രഭാവങ്ങൾ തീർത്തും വിഭിന്നമാണ്.

'കടലി'ലെ സ്ത്രീഭാവത്തെ പ്രണയിനിയേക്കാൾ മാതൃഭാവത്തിൽ പ്രത്യക്ഷ പ്പെടുത്താനാണ് കഥാകാരൻ ശ്രമിക്കുന്നത്. 'കടൽ' എന്ന സമാഹാരം തന്നെ കടലിലെ അമ്മയ്ക്കാണ് സമർപ്പിക്കുന്നത്. ദാമ്പത്യബന്ധങ്ങളിൽ വന്നു ചേരുന്ന ശ്രുതിഭംഗങ്ങൾക്കു, രണ്ടുപേർക്കും അവരുടേതായ ന്യായങ്ങളുണ്ടായിരിക്കും. കഥ കസ്വഭമനുസരിച്ച് കഥ ഏതെങ്കിലും ഒരാളുടെ പക്ഷം ചേരുകയും ചെയ്യും. എന്നാൽ 'കടൽ' മാനസികമായി അകന്നു കഴിഞ്ഞ ദമ്പതികളുടെ മകളിൽ നിന്നാ ണ് ആരംഭിക്കുന്നത്. അച്ഛനേയും അമ്മയേയും - അവർ വ്യത്യസ്ത അഭിരുചി കളുള്ളവരാണെങ്കിലും - ഒരു പോലെ സ്നേഹിക്കുന്ന മകൾ ഇരുഭാഗങ്ങളിലും ന്യായീകരണം കണ്ടെത്തുന്നു. ദാമ്പത്യബന്ധങ്ങളുടെ ശൈഥില്യങ്ങൾക്കു ആരോ പിക്കപ്പെടുന്ന ഭാര്യയുടെ അഹങ്കാരം, ഭർത്താവിന്റെ അധികാരം, സ്വാർത്ഥത എന്നീ പതിവുരീതികൾ 'കടലിലില്ല.' തീർത്തും സാധാരണക്കാരനായ ഒരു ഭർത്താവും സ്നേഹബന്ധങ്ങളുടെ തീവ്രത അസാധാരണമായി ഏറ്റെടുക്കുന്ന ഭാര്യയും തമ്മിൽ സംവദിക്കപ്പെടാത്തതാണ്. 'കടലി' ലെ ദാമ്പത്യബന്ധത്തിലെ അകൽച്ച. സംഗീതപഠനം നടന്നുകൊണ്ടിരിക്കുമ്പോൾ വിവാഹിതയാകുന്ന ഇതിലെ സ്ത്രീ, ജീവിതത്തിൽ സ്വാഭാവികമായും സംഭവിക്കേണ്ട ഒന്നായാണ് ദാമ്പത്യത്തെ കാണുന്നത്. പിന്നീട് സമൂഹം കല്പിച്ചാവശ്യപ്പെടുന്ന രീതിയിൽ ഉത്തമ ഭാര്യയും ആകുന്നുണ്ട്. വിവാഹപൂർവ്വം. സൗഹൃദങ്ങളെ വിവാഹത്തിനു ശേഷം മറന്നുപോകുന്ന സ്ത്രീയെയാണ് സമൂഹം പ്രതീക്ഷിക്കുന്നത്. പുരുഷ സൗഹൃദങ്ങളാണെങ്കിൽ വിശേഷിച്ചും. വിവാഹിതയുടെ ലോകം ഭർത്തൃലോക ങ്ങളുമായി പരിണമിപ്പിക്കേണ്ടതാണ്. 'കടലി'ലെ സ്ത്രീ ചെയ്യാതിരിക്കുന്നതും

അതാണ്. അമ്മയുടെ ഡയറിക്കുറിപ്പുകളിൽ അച്ഛനെക്കുറിച്ചുള്ള ആദ്യ പരാമർശങ്ങളിലെല്ലാം സ്നേഹവും വിശ്വാസവും നിറഞ്ഞുനിൽക്കുന്നത് മകൾ ശ്രദ്ധിക്കുന്നുണ്ട്. പക്ഷേ വിവാഹത്തിനുശേഷവും ഭാര്യ സംഗീതഗുരുവുമായി തുടരുന്ന ഹൃദയബന്ധങ്ങളിൽ ഭർത്താവ് അസ്വസ്ഥനാകുന്നു. ഈ ബന്ധത്തിന്റെ സ്വഭാവങ്ങളറിയാൻ സ്വകാര്യക്കത്തുകൾ കവർന്നെടുത്തു വായിക്കുന്ന ഭർത്താവിന്റെ ചെയ്തി, ഭാര്യയുടെ ആത്മാഭിമാനത്തിലാണ് പോറലുകളേല്പിക്കുന്നത്. ഭർത്താവിന്റെ സംശയം 'കടലി'ലെ ഭാര്യയ്ക്കു സ്വത്വപ്രതിസന്ധി തന്നെയാണ് ഉണ്ടാക്കുന്നത്. ഗുരുവുമായുള്ള ബന്ധത്തെ ഇഴപിരിച്ചുനോക്കാനും, നിർവചിക്കാനും ഈ സംഭവങ്ങൾ കാരണമാകുന്നു. അതൊരു പ്രണയമല്ലെന്നു പ്രഖ്യാപിക്കുമ്പോഴും, തന്റെ മനസ്സിന്റെ ആഴത്തിൽ ആ ഭാവമുണ്ടായിരുന്നുവോ എന്നു അർദ്ധോക്തിയിൽ അവർ നിർത്തുന്നു.

ഈ അർദ്ധോക്തികളെ പൂരിപ്പിക്കുന്നവയാണ് ഡയറിക്കുറിപ്പുകൾ. കടൽ കാണാനുള്ള ആഗ്രഹം, കടലിന്റെ ഒരു ഭാഗമാകാനുള്ള ആഗ്രഹം, കടലിന്റെ മുകളിലൂടെ ശലഭമായി പറക്കുവാനും തളരുമ്പോൾ കടലിന്റെ മാറിൽ വീണു മയങ്ങുവാനുമുള്ള ആഗ്രഹം - ഇങ്ങനെ ഡയറിക്കുറിപ്പുകളിൽ നിറയുന്ന ഒരു സാന്നിധ്യമാണ് കടൽ. ഈ കടൽ സ്ത്രീ ആഗ്രഹിക്കുന്ന പ്രണയസാഗരം തന്നെയാണ്. ഗംഗയുടെ തീരങ്ങളിൽ ഗുരുവിനോടൊപ്പം ചെലവഴിച്ച സായാഹ്നങ്ങൾ ഡയറിക്കുറിപ്പുകളിൽ സൂചിപ്പിക്കുന്നുണ്ട്. ഗംഗയുടെ തീരത്തിരിക്കുമ്പോൾ മനസ്സിൽ നിന്നുയരുന്നത് ശുദ്ധ കല്ല്യാണിന്റെ ഈണങ്ങളുമാണ്. എന്നാൽ ഗംഗയുടെ തീരത്തിരിക്കുമ്പോഴും സ്ത്രീമനസ്സ് ആർത്തിരമ്പുന്ന കടൽ കാണാനാഗ്രഹിക്കുന്നു. ആർത്തിരമ്പുന്ന കടലിനോടുള്ള ഈ അഭിനിവേശം പ്രണയ തീക്ഷ്ണത തന്നെയാണ്, കടലിനു മീതെ പറന്നു നടക്കുന്ന ശലഭം സംവദിക്കപ്പെടാതിരുന്ന പ്രണയമാകുന്നു. ഡയറിയിൽ ഏറെ തവണ സൂചിപ്പിക്കപ്പെടുന്ന മിശ്രഖമാജിന്റെ വിരഹാതുര ഈണങ്ങൾ നഷ്ടപ്രണയ വ്യഥകളുമാണ്.

'നഷ്ടപ്പെട്ട നീലാംബരി' യിൽ സുഭദ്രയ്ക്കു ശാസ്ത്രികളോടു തോന്നുന്ന കാമുകീഭാവത്തെ മറച്ചുവയ്ക്കുന്നില്ല. തീർത്തും ഏകപക്ഷീയമായി തോന്നുന്ന ഈ ബന്ധത്തിന്റെ ഓർമ്മയിലാണ് സുഭദ്ര പിന്നീട് ജീവിക്കുന്നത്. ഭൂതകാലസ്മരണകളിൽ അഭിരമിക്കുന്നതുകൊണ്ട്, പരസ്പരം അറിയാത്ത മനസ്സുകളുടെ സങ്കലനം സൃഷ്ടിക്കുന്ന യാന്ത്രിക ദാമ്പത്യത്തെ ഭർത്തൃമരണംവരെ നിലനിർത്തിക്കൊണ്ടു പോകുവാൻ സുഭദ്രയ്ക്കു കഴിയുന്നു. ഭാര്യയുടെ പൂർവ്വകാല സ്മൃതികളെ കുളത്തിലെ ചണ്ടികളെപ്പോലെ പറിച്ചു നീക്കാൻ ഭർത്താവു ശ്രമിക്കുന്നുണ്ട്. സുന്ദരിയായ ഭാര്യയെ ഇതര പുരുഷനോട്ടങ്ങളിൽ നിന്നു സംരക്ഷിച്ചു നിർത്താൻ തത്രപ്പെടുന്ന ഭർത്താവ്, സ്വന്തം ഭർത്താവിനെ പ്രണയിച്ചിരുന്നവളോട് ഭർത്താവ് തന്നോടുള്ള സ്നേഹത്തെ പൊലിപ്പിച്ചു പറയുന്ന ശാസ്ത്രികളുടെ ഭാര്യ ജ്ഞാനം, ജ്ഞാനത്തിന്റെ ഇത്തരം പറച്ചിലുകളിൽ തലതിരിച്ചുപോകുന്ന സുഭദ്ര, ഭർത്തൃമരണത്തിനുശേഷം വീണ്ടും ശാസ്ത്രികളെ തേടിവരുന്ന സുഭദ്ര - നഷ്ടപ്പെട്ട നീലാമ്പരി' യിലെ ഈ കഥാപാത്രങ്ങൾ മനുഷ്യമനസ്സിന്റെ സഹജമായ വൈകാരിക തീവ്രതകളിലേയ്ക്കു സഞ്ചരിക്കുന്നു.

'കടലി' ലെ കഥാപാത്രങ്ങളാകട്ടെ ഇതിനു നേർ വിപരീതമായ സഞ്ചാരപഥ





ങ്ങളിലാണ്. ഇതിലെ ഓരോ ബന്ധങ്ങളിലും ഉദാത്തത ആരോപിക്കപ്പെടുന്നു. കഥാപാത്രങ്ങളെല്ലാം അപൂർവ്വ വ്യക്തികളുമാണ്. ഞാനൊരു സാധാരണക്കാരൻ മാത്രമാണ്, സാഹിത്യവും സംഗീതവും ഒരിക്കലും എന്റെ വിഷയമായിരുന്നില്ല എന്നു പറയുന്ന ഭർത്താവ് അസാധാരണ മൗനമാണ് കഥയിൽ നിറയ്ക്കുന്നത്. സാധാരണക്കാരനെന്നു സ്വയം സാക്ഷ്യപ്പെടുത്തുന്ന ഈ വ്യക്തി ഭർത്താവെന്ന പദവിയുടെ സ്വാർത്ഥതകളെ, അധികാരങ്ങളെ പരിമിതപ്പെടുത്തുവാനും രഹസ്യമാക്കിവയ്ക്കാനും തത്രപ്പെടുന്നു. ഭാര്യയുടെ കത്തുകൾ രഹസ്യമായി വായിക്കുന്നതും അവരുടെ പൊട്ടിത്തെറിയിൽ മൗനം ദീക്ഷിക്കുന്നതും അതുകൊണ്ടാണ്. തങ്ങളുടെ ബന്ധത്തിലെ ശൈഥില്യത്തിന്റെ ഉത്തരവാദിത്വം മകളുടെ മുമ്പിൽ അയാൾ സ്വയം ഏറ്റെടുക്കുകയും ചെയ്യുന്നു. ഭാര്യയാകട്ടെ ദാമ്പത്യത്തിനുവേണ്ടി ഗുരുവുമായുള്ള ബന്ധത്തെ പ്രത്യക്ഷത്തിൽ വേർപെടുത്തുകയും ചെയ്യുന്നു. ഒരിക്കൽ ചെയ്തുപോയ പ്രവൃത്തിയേയും പറഞ്ഞുപോയ വാക്കിനേയും ചൊല്ലി, ജീവിതകാലം മുഴുവൻ അടുത്തു ജീവിച്ച് അകന്നു നിൽക്കുന്ന ഈ വ്യക്തികളിൽ സാധാരണത്വം ആരോപിക്കുവാനാകില്ല.

ഭർത്തൃമരണത്തിനുശേഷം ശാസ്ത്രികളെത്തേടിവരുന്ന സുഭദ്രയിലൂടെ പ്രണയത്തിന്റെ തീവ്രത രേഖപ്പെടുത്തുമ്പോൾതന്നെ, വധുവിനെപ്പോലെ അണിഞ്ഞൊരുങ്ങിയുള്ള ആ വരവ്, ആ ഭാവത്തിന്റെ വൈകാരിക തലത്തെയാണ് പ്രതിനിധീകരിക്കുന്നത്. 'കടലിൽ 'ഗുരുശിഷ്യബന്ധത്തിൽ ആത്മീയത കലരുന്നു. എഴുത്തുകുത്തുകളില്ലാതെ തീരെ നിലച്ചുപോയതാണ് ഈ ബന്ധം. ഡയറിക്കുറിപ്പുകളിലും ഗുരുസ്മരണ കടന്നുവരുന്നില്ല. എന്നിട്ടും ആ മനസ്സുകൾ തമ്മിൽ സ്നേഹ സംവേദനങ്ങൾ നടന്നിരുന്നുവെന്നും, ആ ബന്ധത്തിനു അവരുടെ മനസ്സുകളിൽ ആഴത്തിൽ വേരോട്ടങ്ങളുണ്ടായിരുന്നുവെന്നും അവരുടെ രണ്ടുപേരുടേയും അടുത്തടുത്ത മരണങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

സുഭദ്ര എപ്പോഴും കേൾക്കാൻ കൊതിക്കുന്നതുപോലെ നീലാംബരിയാണ്. അകൽച്ച മനസ്സിനെ നിദ്രാണമാക്കുന്ന സാന്ധ്യരാഗം, യാന്ത്രികത അല്ലാതെ ഗുരുതരമായ ആരോപിക്കപ്പെടാത്ത ദാമ്പത്യബന്ധം സുഭദ്രയിൽ ഉണ്ടാക്കുന്നത് പ്രശാന്ത മാനസിക പ്രക്ഷോഭങ്ങളാണ്. അതുകൊണ്ട് തന്നെ നീലാംബരിയുടെ സഹനമാണ്. സ്നേഹതയ്ക്കായി സുഭദ്ര കൊതിക്കുന്നു. 'കടലി' ലാകട്ടെ ദാമ്പത്യം മിശ്രഖമാജിന്റെ നത്തിന്റെ ഈ മൗനങ്ങളെ മറികടക്കുവാൻ 'കടലി' ലെ അമ്മ പോയ ആരോഹണാവരോഹണങ്ങളെ ഉപാസിക്കുന്നു. നീലാംബരി പറയാതെ ഈണ പ്രണയമൊഴിയാണെങ്കിൽ മിശ്രഖമാജ് തിരിച്ചറിയാതെ പോയ പ്രണയ മാണ്......